LIBRARY ARCHIVES Kerala Legislative Assembly

ശ്രീപാദം സ്റ്റേഡിയം

309 (2138) ശ്രീ. ബി. സത്യൻ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസ് നടത്തിപ്പിന് ശേഷം തകർന്ന ശ്രീപാദം സ്റ്റേഡിയത്തിന്റെ ഗ്രൗണ്ടും സ്റ്റേഡിയത്തിന്റെ മറ്റ് അറ്റകുറ്റപ്പണികളും നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) തദ്ദേശവാസികളായ കായികപ്രേമികൾ ഏറെ പ്രയോജനപ്പെട്ടുത്തിയിരുന്ന ശ്രീപാദം സ്റ്റേഡിയം ദേശീയ ഗെയിംസിനായി ഏറ്റെടുത്തശേഷം കായികപ്രേമികൾക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രദേശവാസികൾക്ക്കൂടി കായിക പരിശീലനത്തിനുതകും വിധത്തിൽ ശ്രീപാദം സ്റ്റേഡിയത്തിൽ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദേശീയ ഗെയിംസിനുശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിഷിപ്തമാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് 4.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പു സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) പ്രദേശവാസികൾക്കുകൂടി സ്റ്റേഡിയം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണം

310 (2139) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തിയുടെ നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടുൾപ്പെടെ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർക്കാർ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ;

(സി) നവീകരണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഏത് ഏജൻസി ആണെന്ന് വെളിപ്പെടുത്താമോ ;

(ഡി) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-എഫ്) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് ബഹു. എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രാദേശിക ആസ്തിവികസനഫണ്ട് 2 കോടി രൂപയും കായിക വകുപ്പിൽനിന്നും 2 കോടി രൂപയും ഉൾപ്പെടെ 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി റവന്യൂ വകുപ്പും തലശ്ശേരി മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കം ഉണ്ടായതിനെ തുടർന്ന് 13-7-2015-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തൽക്കാലം തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഒരു Permissive sanction--നോടുകൂടി ആരംഭിക്കാമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണാനുമതി റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ടെൻഡർ നടപടികൾ ആരംഭിച്ച്, ഒരു നിർമ്മാണ ഏജൻസിയെ നിശ്ചയിച്ച് നിർമ്മാണം ആരംഭിക്കാനാകൂ.

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

311 (2140) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പുവർഷം ട്രെയിനിംഗ് സെന്ററിൽ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കുട്ടികൾ ആണെന്ന് വ്യക്തമാക്കുമോ ;

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly